2862
4/4/15

# കേരള സർക്കാർ

## സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി ഗണഭോക്താക്കൾക്ക് മിൽമയുടെ ഹോൾസെയിൽ സ്റ്റോർ, മിനിഷോപ്പീസ് തുടങ്ങുന്നതിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.377/2015/പജപവവിവ തീയതി, തിരുവനന്തപുരം, 06/03/15**

=====================================================================

**പരാമർശം:** 1. 19/02/15 ലെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ പി2-11035/14-ാം നമ്പർ കത്ത്.
2. 19/02/15 ലെ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പിലെ 5-ാം നമ്പർ തീരുമാനം.

## ഉത്തരവ്

എറണാകുളം, തൃശ്ശൂർ, കോട്ടയം,ഇടുക്കി എന്നീ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 10 പട്ടികാതി ഗുണഭോക്താക്കൾക്ക് മിൽമയുടെ ഹോൾ സെയിൽ സ്റ്റോർ/മിനിഷോപ്പീസ് തുടങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നതിനുള്ള എറണാകുളം മിൽമയുടെ പ്രൊപ്പോസൽ പരാമർശം (1) പ്രകാരം ജില്ലാ പട്ടികജാതി വികസന ഓഫീസർ സമർപ്പിച്ചിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ ജില്ലകളിൽ നിന്നും 3 വീതവും, കോട്ടയം, ഇടുക്കി ജില്ലകളിൽ നിന്നും 2 വീതവും ഗുണഭോക്താക്കളെ തെരഞ്ഞടുത്ത് പൈലറ്റ് പ്രോജക്ടായി പദ്ധതി നടപ്പിലാക്കുന്നതിനാണ് എറണാകുളം മിൽമയുടെ പദ്ധതി,

പ്രസ്തുത പദ്ധതിക്കായി ഗുണഭോക്താവിന് ചെലവാകുന്ന 6,50,000/ രൂപയിൽ 3,50,000/ രൂപ സർക്കാർ ധനസഹായമായും 3 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതമായും പദ്ധതി നടപ്പിലാക്കാനാണ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത്, അതോടൊപ്പം APL/BPL പരിഗണനയില്ലാതെ, ബിസിനസ് അഭിരുചി, മിനിഷോപ്പി തുടങ്ങുന്നതിന് തെരഞ്ഞെടുക്കുന്ന സ്ഥലം എന്നിവയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തുകയും പദ്ധതിക്കുള്ള ഗുണഭോക്തൃവിഹിതം ബാങ്ക് ലോൺ വഴി ലഭ്യമാക്കി ഗുണഭോക്താവ് കണ്ടെത്തുന്ന സ്വന്തമായോ വാടക വ്യവസ്ഥയിലോ ഉള്ള 200 sq.ft കെട്ടിടം ജില്ലാ ഓഫീസറും മിൽമയും സംയുക്തമായി പരിശോധിച്ച് മിനിഷോപ്പി ആരംഭിക്കുന്നതിന് അനുയോജ്യമാണെന്ന് ഉറപ്പാക്കുകയും കെട്ടിടത്തിന്റെ ഇന്റീരിയർ ഡെക്കറേഷൻ, മിൽമ ടെന്റർ വിളിച്ച് ചെയ്യാവുന്നതാണെന്നും ഡയറക്ടർ അറിയിച്ചിരിക്കുന്നു. പ്രസ്തുത പദ്ധതി നടപ്പിന്റെ ധനകാര്യ വിശകലനം താഴെപ്പറയും പ്രകാരമാണ്

| Sl No | Purpose | Amount (Rs) |
|---|---|---|
| **Govt. Grant** | | |
| 1 | Interior Decoration | 250000.00 |
| 2 | Freezers with Stabilizer | 50000.00 |
| 3 | Visi cooler 220 Lr | 25000.00 |
| 4 | Establishment charges | 25000.00 |

| | | |
|---|---|---|
| | **Sub total** | **350000** |
| **Beneficiary Contribution** | | |
| 1 | Investment on advance for occupying suitable building/room (which will be varying depends up on locations) | 100000.00 |
| 2 | Initial purchase of products | 125000.00 |
| 3 | Purchase of utensils/puff box/milk trays etc | 25000.00 |
| 4 | Investment on generator if required | 50000.00 |
| | **Sub total** | **300000** |
| | **Grand Total** | **6500000** |

പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള സർക്കാർ ധനസഹായമായ 35,00,000/ രൂപ (10 x 3,50,000) രൂപ, നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-793-99-05 SCA to SCSP (Plan) എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണെന്നും ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

19/02/15 ലെ വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ വിശദമായി പരിശോധിക്കുകയും മിൽമയുടെ പദ്ധതി മറ്റ് ജില്ലകളിൽ നടപ്പിലാക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള അതേ മാനദണ്ഡങ്ങൾ ഈ പദ്ധതി നടപ്പിലാക്കുന്നതിനും ബാധകമായിരിക്കണമെന്ന നിബന്ധനയോടെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പിന്റെ പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ എറണാകുളം, തൃശ്ശൂർ ജില്ലയിൽ 3 വീതവും കോട്ടയം, ഇടുക്കി ജില്ലകളിൽ 2 വീതവും തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന 10 ഗുണഭോക്താക്കൾക്ക് മിൽമയുടെ ഹോൾസെയിൽ സ്റ്റോർ മിനിഹോപ്പി തുടങ്ങുന്നതിനായുള്ള 35 ലക്ഷം രൂപ (3,50,000 രൂപ വീതം 10 പേർക്ക് ആകെ 35 ലക്ഷം) രൂപ സർക്കാർ ധനസഹായം നൽകുന്ന പദ്ധതിക്ക് വർക്കിംഗ് ഗ്രൂപ്പ് നിഷ്ക്കർഷിച്ച നിബന്ധനകളോടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിലേക്കാവശ്യമായ ചെലവ് പട്ടികജാതി വികസന വകുപ്പ്-ന്റെ നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-793-99-05 SCA to SCSP (Plan) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ.പി.രമാദേവി
അഡീഷണൽ സെക്രട്ടറി

*ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം*
*പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എസ്&ജി സെക്ടർ), (ഇ&ആർ സെക്ടർ) കേരള, തിരുവനന്തപുരം.*
*ചീഫ്, വികേന്ദ്രീകൃത ആസൂത്രണ വിഭാഗം, ആസൂത്രണ ബോർഡ്, തിരുവനന്തപുരം.*
*ധനകാര്യ വകുപ്പ്.*
*ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഐ & പിആർഡി. തിരുവനന്തപുരം.*
*കരുതൽ ഫയൽ/ഓഫീസ് കോപ്പി.*
മാനേജിംഗ് ഡയറക്ടർ, എറണാകുളം റീജിയണൽ കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ